(Pages : 5) + Outline Map of India

**222**

Sl. No.

# SSLC MODEL EXAMINATION, FEBRUARY - 2017.

## SOCIAL SCIENCE

(Malayalam)

Time : 2½ Hours | Total Score : 80

**നിർദ്ദേശങ്ങൾ :**

- ആദ്യ പതിനഞ്ച് മിനിറ്റ് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ ശരിയായി വായിച്ചു മനസ്സിലാക്കുന്നതിന് ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- സ്കോറും സമയവും പരിഗണിച്ചുവേണം ഉത്തരമെഴുതുവാൻ.
- **പാർട്ട് A-ലെ** എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. **പാർട്ട് B-ലെ** ഓരോ ചോദ്യനമ്പറിലും ഉൾപ്പെടുത്തിയിരിക്കുന്ന ഏതെങ്കിലും ഒരു ചോദ്യത്തിനുമാത്രമേ ഉത്തരമെഴുതേണ്ടതുള്ളൂ.

Score

### പാർട്ട് - A

1. രാഷ്ട്ര രൂപീകരണവുമായി ബന്ധപ്പെട്ട സിദ്ധാന്തങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്. ഇവയിൽ ഏറ്റവും സ്വീകാര്യതയുള്ള സിദ്ധാന്തമേത് ? 1

   (a) ദൈവദത്ത സിദ്ധാന്തം (b) സമൂഹിക ഉടമ്പടി സിദ്ധാന്തം

   (c) പരിണാമ സിദ്ധാന്തം (d) ശക്തി സിദ്ധാന്തം

2. ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ സുബാഷ് ചന്ദ്രബോസിന്റെ പങ്കിനെക്കുറിച്ച് ഒരു ലഘു വിവരണം തയാറാക്കുക. 3

3. ഗംഗാ നദിയെ സംബന്ധിച്ച തെറ്റായ പ്രസ്താവനയേതെന്ന് കണ്ടെത്തി ശരിയാക്കി എഴുതുക. 1

   (a) യമുന ഒരു പ്രധാന പോഷക നദിയാണ്.

   (b) ഗോമുഖ് ഗുഹയിൽ നിന്ന ഉത്ഭവിക്കുന്നു.

   (c) അറബിക്കടലിൽ ചെന്നു ചേരുന്നു.

   (d) ഏകദേശം 2500 കി.മീ. നീളമുണ്ട്.

4. 'ആരോഗ്യം' എന്നതിന് നിർവചനം എഴുതുക. ആരോഗ്യ പരിപാലനത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ എന്തെല്ലാം ? 4

5. രാഷ്ട്രതന്ത്ര ശാസ്ത്രത്തെ നിർവചിക്കുക. അതിന്റെ പഠന മേഖലകൾ ഏതെല്ലാം ? 3

Score

6. സായുധ വിപ്ലവത്തിനായി ഭഗത്സിംഗ്, ചന്ദ്രശേഖർ ആസാദ്, രാജ് ഗുരു, സുഖ്ദേവ്, എന്നിവർ ആരംഭിച്ച സേനാ വിഭാഗത്തിന്റെ പേരെന്ത് ? 1

7. പഞ്ചാബ് മേഖലയിൽ ശൈത്യകാല മഴയ്ക്കുള്ള കാരണം വിശദമാക്കുക. ഇന്ത്യയിൽ ഈ മഴയുടെ കാർഷിക പ്രാധാന്യമെന്ത് ? 3

8. ഭാരതീയ റിസർവ് ബാങ്കിന്റെ ധർമ്മങ്ങൾ പട്ടികപ്പെടുത്തി ഏതെങ്കിലും ഒരെണ്ണം വിശദമാക്കുക. 3

9. സമൂഹ ശാസ്ത്രത്തിൽ (sociology) സാധാരണ ഉപയോഗിച്ചു വരുന്ന പഠന രീതികൾ ഏതെല്ലാം? ഏതെങ്കിലും ഒരു പഠന രീതിയെക്കുറിച്ച് ലഘു വിവരണം നൽകുക. 3

10. രണ്ടാം ലോക യുദ്ധാനന്തരം ബ്രിട്ടനിൽ അധികാരത്തിൽ വന്ന പ്രധാനമന്ത്രി ക്ലമന്റ് ആറ്റ്ലി ഏത് പാർട്ടിക്കാരൻ ആയിരുന്നു ? 1

11. തമിഴ്നാട്ടിൽ ആണവോർജ്ജ നിലയങ്ങൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളുടെ പേരെഴുതുക. 1

12. പഞ്ചശീല തത്ത്വങ്ങൾ ഒപ്പിട്ട നേതാക്കൾ ആരൊക്കെയായിരുന്നു ? അതിലുൾപ്പെടുത്തിയിരുന്ന പ്രധാന തത്ത്വങ്ങളെന്തെല്ലാം ? 3

13. ഏതെങ്കിലും രണ്ട് വാണിജ്യ ബാങ്കുകളുടെ പേരെഴുതുക. 1

14. ബ്രാക്കറ്റിൽ നിന്ന് ശരിയുത്തരം തെരഞ്ഞെടുത്തെഴുതുക. 1

ഭിലായി ഇരുമ്പുരുക്ക് വ്യവസായ ശാലയ്ക്ക് സഹായം നൽകിയ രാഷ്ട്രം ഏത് ?

(സോവിയറ്റ് യൂണിയൻ, ബ്രിട്ടൺ, ജർമ്മനി, അമേരിക്ക)

15. ഇന്ത്യയിൽ ഉൾനാടൻ ജലഗതാഗതം വൻതോതിൽ ഉപയോഗപ്പെടുത്തുന്ന മേഖലകൾ ഏതെല്ലാം ? 3

Score

16. **'എ'** കോളത്തിൽ കൊടുത്തിരിക്കുന്നവയ്ക്ക് യോജിച്ചവ **'ബി'**, **'സി'** കോളങ്ങളിൽ നിന്നു കണ്ടെത്തി ക്രമപ്പെടുത്തിയെഴുതുക. 4

| എ | ബി | സി |
|---|---|---|
| ഒന്നാം കേരള സംസ്ഥാന രാഷ്ട്രീയ സമ്മേളനം | എൻ.വി. ജോസഫ് | 1941 |
| ഐക്യ കേരള കൺവെൻഷൻ | പനമ്പള്ളി ഗോവിന്ദ മേനോൻ | 1932 |
| കൊച്ചി രാജ്യ പ്രജാമണ്ഡലം | ഒറ്റപ്പാലം | 1947 |
| നിവർത്തന പ്രക്ഷോഭം | തൃശൂർ | 1921 |

17. ചുവടെ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ, നൽകിയിട്ടുള്ള ഇന്ത്യയുടെ ഭൂപടത്തിൽ അടയാളപ്പെടുത്തി പേരെഴുതുക. 4

(a) ഉപദ്വീപീയ ഇന്ത്യയുടെ വടക്കു കിഴക്കായി സ്ഥിതി ചെയ്യുന്ന ധാതു സമ്പന്നമായ പീഠ ഭൂമി പ്രദേശം.

(b) ഇന്ത്യയിലെ ഏറ്റവും വലിയ കൽക്കരിപ്പാടം.

(c) തമിഴ്നാട്ടിലൂടെ ഒഴുകുന്ന പ്രധാന ഉപദ്വീപീയ നദി.

(d) നർമ്മദ നദിയ്ക്ക് തൊട്ട് വടക്കായി സ്ഥിതി ചെയ്യുന്ന പർവ്വത നിര.

## പാർട്ട് - B

18. ഫെബ്രുവരി വിപ്ലവവും ഒക്ടോബർ വിപ്ലവവും സോവിയറ്റ് യൂണിയന്റെ രൂപീകരണത്തിലേക്ക് വഴിതെളിച്ചതെങ്ങനെയെന്ന് വിശകലനം ചെയ്യുക. 6

**അല്ലെങ്കിൽ**

ഇറ്റലിയിലെ ഫാസിസവും ജർമ്മനിയിലെ നാസിസവും ലോക സമാധാനത്തിന് ഭീഷണിയായതെങ്ങനെയെന്ന് വിശദീകരിക്കുക.

19. ഋതുക്കൾ ഉണ്ടാകുന്നതിനുള്ള കാരണമെന്ത് ? 3

**അല്ലെങ്കിൽ**

റോക്കി പർവ്വതത്തിന്റെ വടക്കേ ചരിവിലൂടെ വീശിയിറങ്ങുന്ന വരണ്ട പ്രാദേശിക വാതത്തിന്റെ പേരെന്ത് ? ഈ കാറ്റിന്റെ കാർഷിക പ്രാധാന്യമെന്ത് ?

20. പൊതു ഭരണം എന്നാലെന്ത് ? അതിന്റെ പ്രാധാന്യം വ്യക്തമാക്കുക. 4

**അല്ലെങ്കിൽ**

പൗരബോധ രൂപീകരണത്തെ സ്വാധീനിക്കുന്ന ഘടകങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തെക്കുറിച്ച് ലഘു കുറിപ്പുകളെഴുതുക.

21. ബ്രിട്ടീഷുകാർ ഇന്ത്യയിൽ നടപ്പിലാക്കിയ ഭൂനികതി നയങ്ങൾ കർഷകരെ ബാധിച്ചതെങ്ങനെ ? 3

**അല്ലെങ്കിൽ**

ബ്രിട്ടീഷുകാർക്കെതിരെ ഇന്ത്യാക്കാർക്കിടയിൽ ഐക്യം വളർത്താൻ ഇന്ത്യൻ നേതാക്കൾ വിദ്യാഭ്യാസത്തെ ഉപയോഗപ്പെടുത്തിയതെങ്ങനെ ?

22. സൂര്യന്റെ ആപേക്ഷിക സ്ഥാനം അടിസ്ഥാനമാക്കി ചുവടെ നൽകിയിട്ടുള്ള ദിവസങ്ങളുടെ പ്രാധാന്യം വിശദമാക്കുക. 5

- ജൂൺ 21
- ഡിസംബർ 22

**അല്ലെങ്കിൽ**

തെക്കു പടിഞ്ഞാറൻ മൺസൂൺ കാറ്റുകളും വടക്കുകിഴക്കൻ മൺസൂൺ കാറ്റുകളും രൂപപ്പെടുന്നതിൽ വാണിജ്യ വാതങ്ങളുടെ പങ്ക് വിശകലനം ചെയ്യുക.

23. ഉപഭോക്താക്കളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി ഭരണ തലത്തിൽ പ്രവർത്തിക്കുന്ന ഏതെങ്കിലും രണ്ട് വകുപ്പുകളുടെ പേരെഴുതുക. അവ ഓരോന്നും എങ്ങനെയാണ് ഉപഭോക്താക്കളുടെ താല്പര്യം ഉറപ്പു വരുത്തുന്നത് ? 4

**അല്ലെങ്കിൽ**

പൊതു ചെലവ് വർദ്ധിക്കുന്നതിന്റെ കാരണങ്ങൾ എന്തെല്ലാം ? വികസന ചെലവുകൾക്കും വികസനേതര ചെലവുകൾക്കും രണ്ട് ഉദാഹരണങ്ങൾ വീതം എഴുതുക.

24. ബംഗാൾ വിഭജനത്തിനെതിരെ ആരംഭിച്ച സ്വദേശി പ്രസ്ഥാനത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുക. 3

**അല്ലെങ്കിൽ**

'നീൽ ദർപ്പൺ' എന്ന നാടകം രചിച്ചതാര് ? അത് ദേശീയ പ്രസ്ഥാനത്തെ സ്വാധീനിച്ചതെങ്ങനെ ?

25. ജനാധിപത്യ രാഷ്ട്രങ്ങളിൽ ഉദ്യോഗസ്ഥ വൃന്ദത്തിന് പൊതുവായി കാണുന്ന സവിശേഷതകൾ ചുരുക്കി വിവരിക്കുക. 4

**അല്ലെങ്കിൽ**

പൗര ബോധത്തിന്റെ ആവശ്യകത വിശദീകരിക്കുക.

Score


26. ഉപഭോക്താക്കൾ കബളിപ്പിക്കപ്പെടാൻ സാധ്യതയുള്ള സന്ദർഭങ്ങൾ എന്തൊക്കെ ? ചൂഷണങ്ങൾക്ക് വിധേയരായാൽ ഉപഭോക്താക്കൾ ചെയ്യേണ്ടതെന്ത് ? 4

**അല്ലെങ്കിൽ**

താഴെ കൊടുത്തിരിക്കുന്ന പട്ടിക വിശകലനം ചെയ്ത് നിങ്ങളുടെ നിഗമനങ്ങൾ എഴുതുക.

| വർഷം | ആഭ്യന്തരകടം (ലക്ഷം കോടി രൂപ) | വിദേശകടം (ലക്ഷം കോടി രൂപ) | ആകെ കടം (ലക്ഷം കോടി രൂപ) |
|---|---|---|---|
| 2010-11 | 26.7 | 1.5 | 28.2 |
| 2015-16 | 52.9 | 2.1 | 55.0 |

27. നൽകിയിട്ടുള്ള റഫറൻസ് ഗ്രിഡുകൾ വിശകലനം ചെയ്ത് താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തിയെഴുതുക. 4




(a) വാസ സ്ഥലങ്ങളുടെ സ്ഥാനം 4 അക്ക ഗ്രിഡ് റഫറൻസ് രീതിയിൽ നിർണയിക്കുക.

(b) നീരുറവയുടെ സ്ഥാനം 6 അക്ക ഗ്രിഡ് റഫറൻസ് രീതിയിൽ നിർണയിക്കുക.

(c) ചുവടെ നൽകിയിട്ടുള്ള ഗ്രിഡ് റഫൻസുകൾ ഏതൊക്കെ സവിശേഷതകളെയാണ് സൂചിപ്പിക്കുന്നത് ?

(i) 473765

(ii) 4676

**അല്ലെങ്കിൽ**

സ്പേഷ്യൽ റസല്യൂഷൻ, സ്പെക്ട്രൽ സിഗ്നേച്ചർ എന്നിവ വിശദമാക്കുക.

-oOo-

For Question No. 17

